


## ആശംസകൾ

ബിജോയ് ശാമുവേൽ അബുദാബി

എന്റെ നാട് പൊന്നോമന നാട്
എന്റെ നാട് പൊൻ കതിരുകൾ വിളയും നാട്
എന്റെ നാട് നാനവൃക്ഷലതാദികൾ തിങ്ങിനിറയും നാട്
എന്റെ നാട് കേരം തിങ്ങും കേരളനാട്
നെൽപാടങ്ങൾ നിറയും കതിരുകൾ
വിളഞ്ഞുവിളവായി വാഴത്തോപ്പുകൾ
പാറി നടക്കും ചിത്രശലഭങ്ങൾ
ഓടിച്ചാടി വന്നീടും കുസൃതികൂട്ടങ്ങൾ
തത്തയും കുരുവിയും പാറി പറന്നീടും
ആമ്പലും ആമയും നിരന്നീടും കായലുകൾ
തവളയും മീനും മുങ്ങി കളിച്ചീടും
എന്റെ നാട് സുന്ദരനാട് കേരള നാട്.
മാമലകൾ തിങ്ങിനിറഞ്ഞ നാട് കേരളനാട്
അരുവികൾ അരുമയോടെ ഒഴുകും നാട്
ആർത്തു ഇരമ്പിയെത്തീടും നദികൾ
ശാന്തതയോടെ താളം തുള്ളും കായലുകൾ
എന്റെ നാട് സുന്ദരനാട് കേരള നാട്.
സർവ്വനന്മകളാൽ നിറഞ്ഞ നാട്
സൗന്ദര്യത്തിൻ കേദാരമാണി നാട്
സുന്ദരശോഭിത വിശ്വരമണിയതിൽ
സന്തോഷത്തോടെ ക്ഷേമമായി വാണീടാം.